**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3376** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം ആയിരം ദിവസംകൊണ്ട് പൂർത്തീകരിക്കുന്നതിൽ തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ; തുറമുഖ നിർമ്മാണ കരാർ ലംഘനം ഉണ്ടായിട്ടുണ്ടോയെന്നും ഉണ്ടായെങ്കിൽ ലംഘനം നടത്തിയത് ആരാണെന്നും അറിയിക്കാമോ; | (എ) | കരാർ പ്രകാരം ആദ്യഘട്ട നിർമ്മാണ കാലയളവ് പൂർത്തീകരിക്കേണ്ടത് 1460 ദിവസങ്ങൾക്കുള്ളിലാണ്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിലെ കാലതാമസമാണ് പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. കരാറിലെ വ്യവസ്ഥ പ്രകാരം കൺസഷനയർക്ക് പുലിമുട്ട് നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല |
| (ബി) | കരാർ ലംഘനത്തിന് നഷ്ടപരിഹാരം ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തുറമുഖ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലം പൂർണ്ണമായി ഏറ്റെടുത്ത് നൽകുന്നതിന് തടസ്സമെന്താണെന്നും സ്ഥലമേറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ; | (സി) | കൺസഷൻ എഗ്രിമെന്റ് പ്രകാരം ഭൂമിയുടെ 97.10 % ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ബാക്കി സ്ഥലം 4 മാസത്തിനകം ഏറ്റെടുത്ത് നൽകാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി എന്തൊക്കെ വ്യവസ്ഥകൾ കരാറിലുണ്ട്; പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും എന്നത്തേക്ക് നടപ്പിലാക്കുമെന്നും വിശദമാക്കാമോ; | (ഡി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷ് ലാന്റിംഗ് ബെർത്തും, അനുബന്ധ സൗകര്യങ്ങളോടു കൂടിയുള്ള ഒരു ഫിഷിംഗ് ഹാർബറും സീപോർട്ടിനോടൊപ്പം പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉണ്ട്. സീപോർട്ട് നിർമ്മാണം വൈകുന്നതിനാൽ, ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവും വൈകുകയാണ്. |
| (ഇ) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ഫിഷറീസ് ഹാർബറിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷ് ലാന്റിംഗ് ബെർത്തും, അനുബന്ധ സൗകര്യങ്ങളോടു കൂടിയുള്ള ഒരു ഫിഷിംഗ് ഹാർബറും സീപോർട്ടിനോടൊപ്പം പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉണ്ട്. സീപോർട്ട് നിർമ്മാണം വൈകുന്നതിനാൽ, ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവും വൈകുകയാണ്. |

| | | | |
|---|---|---|---|
| (എഫ്) | തദ്ദേശവാസികൾക്കായി കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്നും ഇവ എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (എഫ്) | വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാറിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് ഒരു പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ